# രക്ഷിതാക്കൾക്കുള്ള
# ഐ.സി.ടി.ബോധവൽക്കരണ പരിപാടി

## ആസൂത്രണം

**(ജില്ലാ തലത്തിൽ നടക്കുന്ന എസ്.ഐ.ടി.സി.വർക്ക്ഷോപ്പിലും സബ്ജില്ല തലത്തിൽ നടക്കുന്ന എസ്.എസ്.ഐ.ടി.സി.ഏകദിനപരിശീലനത്തിലും ഇതിന്റെ ആസൂത്രണവും വിശദീകരണവും നടത്തേണ്ടതാണ്.)**

സ്കൂളിൽ ഐ.ടി.ക്ലബ്ബ് രൂപീകരിച്ചതിനു ശേഷമാണ് ഈ പരിപാടി സംഘടിപ്പിക്കേണ്ടത്.ഐ.ടി.ക്ലബ്ബ് ഭാരവാഹികളും എസ്.എസ്.ഐ.ടി.സി.യും ഈ പരിപാടിയുടെ സംഘാടകരായി എസ്.ഐ.ടി.സി.യോടൊപ്പം പങ്കെടുക്കണം. പി.ടി.എ.ജനറൽബോഡി വിളിച്ച് ചേർത്ത് പരിപാടി നടത്തണം. പ്രവൃത്തിദിവസമല്ലാത്ത ഒരു ശനിയാഴ്ച്ച ആയിരിക്കും നല്ലത്. പ്രധാനാധ്യാപകൻ, പി.ടി.എ.പ്രസിഡണ്ട്, സ്റ്റാഫ് സെക്രട്ടറി, എസ്.ഐ.ടി.സി, ജോയിന്റ് എസ്.ഐ.ടി.സി. എന്നിവർ പങ്കെടുക്കണം. ഐ.സി.ടി.കൈകാര്യം ചെയ്യുന്ന മറ്റ് അധ്യാപകരും പങ്കെടുക്കണം.

ഐ.ടി.@ സ്കൂൾ പ്രൊജക്ടിന്റെ പ്രവർത്തനപദ്ധതികളെക്കുറിച്ചും അവ നടപ്പാക്കുന്നതിന് ആവിഷ്കരിച്ച പരിപാടികളെക്കുറിച്ചും രക്ഷിതാക്കളെ ബോധവൽക്കരിക്കുകയാണ് ഇതിന്റെ ലക്ഷ്യം. മൂന്നു മണിക്കൂർ ദൈർഘ്യമുള്ള പരിപാടി താഴെപ്പറയുന്ന തരത്തിൽ ക്രമീകരിക്കാവുന്നതാണ്.

| | |
|---|---|
| *വീഡിയോ പ്രദർശനം* | : 30 മിനിട്ട് |
| അവതരണം, ചർച്ച | : 2 മണിക്കൂർ |
| ഫീഡ്ബാക്ക് | : 30 മിനിട്ട് |

## ആമുഖം

പൊതുവിദ്യാഭ്യാസ വകുപ്പിൽ പ്രവർത്തിച്ചുവരുന്ന ഒരു പ്രൊജക്ടാണ് ഐ.ടി.@ സ്കൂൾ പ്രൊജക്ട്. ഐ.ടി.പഠനവും ഐ.ടി.അധിഷ്ഠിതപഠനവും നടപ്പാക്കുന്നതിന് നേതൃത്വം കൊടുക്കുന്നത് ഈ പ്രൊജക്ട് ആണ്.................

## 1.മാറിയ ക്ലാസ്മുറികളും പുതിയ പഠനസാഹചര്യവും

നാം പഠിച്ച സാഹചര്യത്തിൽ നിന്നും ഏറെ വ്യത്യസ്തമായ സാഹചര്യത്തിലാണ് നമ്മുടെ കുട്ടികൾ പഠനം നടത്തുന്നത്.പുതിയ കാലത്തിന്റെ വെല്ലുവിളികൾ നേരിടാൻ പാകത്തിലുള്ള അറിവും ശേഷികളും നേടിയെടുത്തില്ലെങ്കിൽ നമ്മുടെ കുട്ടികൾ പിന്നോക്കം പോകും.വിവരവിനിമയ സാങ്കേതികവിദ്യാ പഠനം ഈയൊരു സാഹചര്യത്തിലാണ് നമ്മുടെ പൊതുവിദ്യാലയങ്ങളിൽ ആരംഭിച്ചത്. വിവിധ വിഷയങ്ങൾ - ശാസ്ത്രവും സാമൂഹ്യശാസ്ത്രവും ഗണിതവും ഭാഷകളും ഫലപ്രദമായി പഠിക്കുന്നതിന് വിവരവിനിമയ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിനാണ് നാം ഇപ്പോൾ ശ്രമിക്കുന്നത്. എട്ട്, ഒൻപത് ക്ലാസ്സുകളിലെ ഐ.സി.ടി.പാഠപുസ്തകങ്ങൾ ഈ രീതിയിൽ തയ്യാറാക്കിയതാണ്. ഇത്തരത്തിൽ ഐ.സി.ടി.അധിഷ്ഠിത പഠനം മുഴുവൻ കുട്ടികൾക്കും ലഭ്യമാകത്തക്കവിധം ക്ലാസ് മുറികൾ സജ്ജമാക്കുകയാണ് ഇപ്പോഴത്തെ ലക്ഷ്യം .................................. ................................................

## 2. പശ്ചാത്തല സൗകര്യവികസനം-ഐ.സി.ടി.സ്കീം

ഐ.സി.ടി.പഠനവും ഐ.സി.ടി.അധിഷ്ഠിതപഠനവും നടപ്പാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങളും സൗകര്യവും വിദ്യാലയങ്ങളിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കഴിഞ്ഞ മൂന്ന വർഷമായി ഐ.സി.ടി.സ്കീം നടപ്പാക്കി വരുന്നത്. ഈ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് ആവശ്യമുള്ള കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, നെറ്റ്ബുക്കുകൾ, പ്രൊജക്ടർ, പ്രിന്റർ, ഹാൻഡിക്യാം, സ്കാനർ തുടങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്തു വരുന്നു. ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ എല്ലാ വിദ്യാലയങ്ങൾക്കും നൽകിക്കഴിഞ്ഞു. ക്ലാസ്സ്മുറികളുടെ വൈദ്യുതീകരണം, മൾട്ടിമീഡിയ റൂമുകൾ എന്നിവ പൂർത്തിയായി വരുന്നു.

നമ്മുടെ വിദ്യാലയത്തിൽ താഴെപ്പറയുന്ന സൗകര്യങ്ങൾ ഉണ്ട്. (*ഓരോ വിദ്യാലയത്തിലേയും നിലവിലുള്ള സൗകര്യങ്ങൾ പറയുക*)

1 ................
2 .......................
3 .........................

## 3.ഐ.സി.ടി.അധിഷ്ഠിതപഠനം

വിവിധ വിഷയങ്ങൾ ഐ.സി.ടി.യുടെ സഹായത്തോടെ പഠിക്കുമ്പോൾ (ഐ.സി.ടി.അധിഷ്ഠിതപഠനം) പഠനം കൂടുതൽ ഫലപ്രദവും രസകരവുമാകുന്നു. ബ്ലാക്ക് ബോർഡും ചോക്കും ഉപയോഗിച്ചുള്ള പഠനത്തിനുപകരം കമ്പ്യൂട്ടറും ഇന്റർനെറ്റും വിവിധ സോഫ്റ്റ് വെയറുകളും ഉപയോഗിച്ചുള്ള പഠനമാണ് ഇപ്പോഴുള്ളത്.......................

[*അധ്യാപകനോ മുൻകൂട്ടി പരിശീലനം ലഭിച്ച് തയ്യാറായിരിക്കുന്ന വിദ്യാർത്ഥിയോ അഭ്യസ്തവിദ്യരല്ലാത്ത രക്ഷിതാക്കൾക്കുകൂടി ഗ്രഹിക്കാൻ കഴിയുന്ന ഒന്നോ രണ്ടോ വിഷയഭാഗം പ്രൊജക്ടർ ഉപയോഗിച്ച് കാണിക്കുന്നു.(ഉദാ.സൂര്യഗ്രഹണം,രക്തനിവേശനം).*]

## 4.ഐ.ടി.ക്ലബ്ബ് പ്രവർത്തനങ്ങൾ

വിദ്യാലയങ്ങളിൽ ഐ.ടി.യുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾക്കുള്ള കുട്ടികളുടെ വേദിയാണ് ഐ.ടി.ക്ലബ്ബ്. സയൻസ് ക്ലബ്ബ്, സോഷ്യൽ സയൻസ് ക്ലബ്ബുകളെപ്പോലെ തന്നെ ഒരു അംഗീകൃതക്ലബ്ബ് ആണ് ഐ.ടി.ക്ലബ്ബ്. പ്ലസ് വൺ പ്രവേശനത്തിന് മുൻഗണനയും ലഭിക്കും. ക്ലബ്ബിന് കൺവീനറും രണ്ട് ജോയിന്റ് കൺവീനർമാരും ഉണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഭാരവാഹിത്വമുണ്ട്.

കൂടാതെ ഐ.ടി.പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി വിദ്യാർത്ഥികളിൽ നിന്ന് ഒരു കോ-ഓർഡിനേറ്റർ ഉണ്ട് - എസ്.എസ്.ഐ.ടി.സി. (Student School IT Coordinator)

തുടർന്ന് *ക്ലബ്ബ് ഭാരവാഹികൾ, എസ്.എസ്.ഐ.ടി.സി. എന്നിവർ സ്വയം പരിചയപ്പെടുത്തുന്നു.*

## 5.കുട്ടികൾക്കുള്ള വിവിധ പരിശീലനങ്ങൾ

കുട്ടികൾക്ക് വിവിധ തരത്തിലും തലത്തിലുമുള്ള പരിശീലനങ്ങൾ പ്രൊജക്ടിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. ആനിമേഷൻ ഫിലിം നിർമാണ പരിശീലനം, എസ്.എസ്.ഐ.ടി.സി മാർക്കുള്ള പരിശീലനം, ഐ.ടി.ക്ലബ്ബ് അംഗങ്ങൾക്കുള്ള പരിശീലനം തുടങ്ങിയവ. ഇതിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ എസ്.ഐ.ടി.സി.യുമായി ബന്ധപ്പെടേണ്ടതാണ്. പ്രസ്തുത മേഖലയിൽ കഴിവ് തെളിയിക്കുന്ന കുട്ടികളെയാണ് ഇത്തരം പരിശീലനങ്ങളിൽ പങ്കെടുപ്പിക്കുക...................................

**തുടർന്ന്** ജില്ലയിൽ നടന്ന ആനിമേഷൻ പരിശീലനത്തിൽ നിർമിച്ച ഒരു നല്ല ഫിലിം പ്രദർശിപ്പിക്കുക.

### 6.ഐ.ടി.മേളകൾ

കുട്ടികളിലെ ഐ.ടി.അഭിരുചി വിലയിരുത്തുന്നതിനും അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനും അംഗീകാരം നൽകുന്നതിനുമായി സ്കൂൾ, സബ്ജില്ല, ജില്ല, സംസ്ഥാനതലങ്ങളിൽ ഐ.ടി.മേളകൾ നടക്കുന്നുണ്ട്. യു.പി., ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങൾക്ക് വെവ്വേറെ മൽസരങ്ങൾ(*മൽസര ഇനങ്ങൾ വിവരിക്കണം*). സമ്മാനിതരാകുന്നവർക്ക് ഗ്രേസ് മാർക്കും മുൻഗണനയും ഉണ്ട് ......................................................................

**തുടർന്ന്** *സ്കൂൾ തലത്തിലോ ജില്ലാ തലത്തിലോ സംസ്ഥാനതലത്തിലോ സമ്മാനിതമായ ഏതെങ്കിലും ഒന്നോ രണ്ടോ ഇനങ്ങൾ പ്രദർശിപ്പിക്കുക. മുൻ വർഷങ്ങളിൽ പങ്കെടുത്ത കുട്ടികളുണ്ടെങ്കിൽ അവരെ പരിചയപ്പെടുത്തുകയോ അവരുടെ പേരുകൾ വായിക്കുകയോ ചെയ്യാം*

### 7.വിക്ടേഴ്സ് ചാനൽ

സർക്കാരിന്റെ പൂർണ്ണനിയന്ത്രണത്തിലുള്ള പൂർണമായും വിദ്യാഭ്യാസ പരിപാടികൾ സംപ്രേഷണം ചെയ്യുന്ന ഏക ചാനലാണിത്. മൽസര പരീക്ഷകൾക്ക് പങ്കെടുക്കുന്നവർക്കും പ്രയോജനപ്രദം.കേബിൾ വഴി ലഭ്യമാകുന്നില്ലെങ്കിൽ ആ കാര്യം രക്ഷിതാക്കൾ കേബിൾ ദാതാക്കളോട് ആവശ്യപ്പെട്ട് ലഭ്യമാക്കണം..........................................................

### 8.സൈബർ ക്രൈമുകൾ

ഇന്റർനെറ്റ് ഉപയോഗം വ്യാപകമാകുമ്പോൾ ഉണ്ടാകാവുന്ന മോശമായ പ്രവണതകളെ മുളയിലേ നുള്ളിക്കളയാൻ അദ്ധ്യാപകരോടൊപ്പം രക്ഷകർത്താക്കളും പ്രത്യേകം ശ്രദ്ധ പുലർത്തണം. ഉപയോക്താക്കളായ കുട്ടികളെ സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടാതെ നോക്കണം. വീട്ടിൽ ഇന്റർനെറ്റ് കണക്ഷൻ ഉള്ളവർ ഈ കാര്യങ്ങൾ പ്രത്യകം ശ്രദ്ധിക്കണം.

1. ആവശ്യത്തിൽ കൂടുതൽ സമയം നെറ്റ് ഉപയോഗിക്കുന്നത് നിയന്ത്രിക്കുകയും നിരുൽസാഹപ്പെടുത്തുകയും വേണം.
2. രക്ഷകർത്താക്കളുടെ മേൽനോട്ടത്തിൽ മാത്രമേ കുട്ടികൾ ഇന്റർനെറ്റ് ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്തണം.
3. വിദ്യാലയങ്ങളിൽ ഉപയോഗിക്കുന്ന ഓപ്പറേറ്റിംഗ് സിസ്റ്റം തന്നെ വീട്ടിലും ഉപയോഗിക്കുന്നതാണ് സുരക്ഷിതം, അഭികാമ്യം. ഉടമസ്ഥാവകാശമില്ലാത്തത് ആയതിനാൽ കോപ്പി ചെയ്ത് ഉപയോഗിക്കാം നിർഭയമായി.
4. ഉടമസ്ഥന്റെ അനുവാദമില്ലാതെ അയാളുടെ കമ്പ്യൂട്ടറിലെ വിവരങ്ങൾ വിവരങ്ങൾ ചോർത്തുകയോ അതിലേക്ക് കടന്നുകയറുകയോ ചെയ്യാൻ പാടില്ല. അത് ശിക്ഷാർഹമാണ്.
5. അജ്ഞാതരുമായുള്ള നെറ്റിലൂടെയുള്ള സമ്പർക്കം ഒഴിവാക്കുക. അപരിചിതരുടെ ഇ-മെയിലുകൾ തുറക്കരുത്.
6. ഇ-മെയിൽ ലോഗിൻ ചെയ്താൽ ആവശ്യം കഴിഞ്ഞാൽ ലോഗ് ഔട്ട് ചെയ്യണം.
7. സോഷ്യൽ സൈറ്റുകളിലെ സൗഹൃദങ്ങളെ വളരെ ശ്രദ്ധയോടെയും നിയന്ത്രണത്തോടെയും കൈകാര്യം ചെയ്യുന്നത് നന്നായിരിക്കും.
8. അഭിലഷണീയമല്ലാത്ത ഉള്ളടക്കങ്ങൾ കാണുന്നതും ഡൗൺലോഡ് ചെയ്യുന്നതും തടയാൻ സഹായകമായ സോഫ്റ്റ് വെയറുകൾ വീടുകളിലെ സിസ്റ്റങ്ങളിൽ ഇൻസ്റ്റാൾ ചെയ്യുന്നത്

ആരോഗ്യകരവും സുരക്ഷിതവുമായ നെറ്റ് ഉപയോഗത്തിന് പ്രയോജനപ്പെടും.

## 9.പൊതുജനങ്ങൾക്കുള്ള പരിശീലനങ്ങൾ-Public Reach out Program

പൊതുജനങ്ങൾക്കായി പ്രത്യേക ഐ.ടി. പരിശീലനം ഈ വർഷം മുതൽ പ്രൊജക്ട് നടത്തിവരുന്നു. പത്രമാധ്യമങ്ങൾ വഴി ഈ വിവരം അറിയിക്കാം. താത്പര്യമുള്ളവർക്ക് പങ്കെടുക്കാവുന്നതാണ്. സ്കൂൾ തലത്തിലും ഇത്തരം പരിപാടികൾ നടത്താവുന്നതാണ്............................................................

***കുറിപ്പ്:*** *ഫീഡ്ബാക്കിൽ ലഭിച്ച പ്രതികരണങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കുക. പരിപാടിയുടെ വാർത്ത മാധ്യമങ്ങളിൽ വരണം.*

### *രക്ഷിതാക്കൾക്കുള്ള ഐ.സി.ടി.പരിശീലനം*

ബോധവൽക്കരണ പരിപാടിയുടെ രണ്ടാം ഭാഗമായി താത്പര്യമുള്ള രക്ഷിതാക്കൾക്കുള്ള ഐ.സി.ടി.പരിശീലനമാണ്.ഇത് ഈ വർഷത്തെ സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനമായ സപ്തംബർ 17 ന് ആരംഭിക്കുകയും തുടർപരിശീലനം സൗകര്യപ്രദമായ രീതിയിൽ ഷെഡ്യൂൾ ചെയ്ത് സ്കൂൾ തലത്തിൽ നടപ്പാക്കേണ്ടതുമാണ്.സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ ആയിരിക്കും ഈ പരിശീലനം നടത്തുക.അടിസ്ഥാന ഐ.ടി.നൈപുണികൾ നേടുന്നതിനുള്ള പരിശീലനമാണ് സ്കൂൾ തലത്തിൽ രജിസ്റ്റർ ചെയ്യുന്ന താത്പര്യമുള്ള രക്ഷിതാക്കൾക്ക് ആദ്യം നൽകുക.തുടർന്ന് വിവിധ വിഭാഗങ്ങളിൽ (ഇന്റർനെറ്റ് മുതലായവ) കേന്ദ്രീകരിച്ചുള്ള ഐ.സി.ടി.പരിശീലനം നൽകും.

ഏകദിന പ്രാഥമിക പരിശീലനം-മൊഡ്യൂൾ

| Session | Activities | Process |
|---|---|---|
| 9.30 to 10 | പരിശീലനത്തിന്റെ സമാരംഭം | രജിസ്ട്രേ<br>പരസ്പരം പരിചയപ്പെടൽ<br>ആർ.പി.കോഴ്സ് ബ്രീഫിംഗ് നടത്തുന്നു. |
| 10 to 10.15 | എന്ത്കൊണ്ട് സ്വതന്ത്ര സോഫ്റ്റ്‌വെയർ? | സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ പ്രത്യേകതകളും പ്രാധാന്യവും ആർ.പി.വിശദീകരിക്കുന്നു. |
| 10.15 to 11 | ഗ്നു-ലിനക്സിൽ പ്രവർത്തിക്കുന്നതിനുള്ള ശേഷി നേടൽ<br><br>ഉപകരണങ്ങൾ<br>ഇന്റർഫേസ് | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഡസ്ക്ടോപ്പ് ഇന്റർഫേസും പരിചയപ്പെടുന്നു.<br>-സിസ്റ്റം യൂണിറ്റ്,മോണിറ്റർ,കീബോർഡ്,മൗസ്<br>-ഡസ്ക്ടോപ്പ്,പാനൽ,മെനുബാർ,ഹോം ഫോൾഡർ<br>-മൗസ്,കീബോർഡ് ഗെയിമുകൾ....<br>ഓരോ പഠിതാവും മൗസും കീബോർഡും കൈകാര്യം ചെയ്യാനുള്ള ശേഷി നേടുന്നു. |
| 11 to 11.30 | ഗ്നു-ലിനക്സിൽ പ്രവർത്തിക്കുന്നതിനുള്ള ശേഷി നേടൽ.<br>ഓപ്പറേറ്റിംഗ് സിസ്റ്റം<br>ഫയൽ മാനേജ്മെന്റ് | ഫോൾഡർ നിർമിക്കൽ,ഡിലീറ്റ് ചെയ്യൽ,പേരുമാറ്റൽ,വർക് സ്പേസ്....<br>ഓരോ പഠിതാവും ഉദ്ദേശിച്ച രീതിയിൽ ഫോൾഡർ നിർമിക്കാനുള്ള ശേഷി നേടുന്നു. |
| 11.30 to 11.40 Tea Break | | |
| 11.40 to 12.30 | വേർഡ് പ്രൊസസ്സറുമായി ബന്ധപ്പെട്ട പ്രാഥമിക ധാരണകൾ രൂപീകരിക്കുന്നു.<br>ഡോക്യുമെന്റുകൾ തയ്യാറാക്കൽ | Open office word processor ന്റെ സഹായത്തോടെ പഠിതാക്കൾ അവരുടെ മേൽവിലാസം ടൈപ്പ് ചെയ്ത് സേവ് ചെയ്യുന്നു.<br>-Launching word processor<br>-Typing |

| | | |
|---|---|---|
| | | -saving by default |
| 12.30 to 1pm | വേർഡ് പ്രൊസസ്സറുമായി ബന്ധപ്പെട്ട കൂടുതൽ ധാരണകൾ രൂപീകരിക്കുന്ന പ്രത്യേക ലൊക്കേഷനിൽ സേവ് ചെയ്യൽ | സേവ് ചെയ്ത ഫയൽ തുറക്കാൻ ശ്രമിക്കുന്നു. പ്രത്യേക ലൊക്കേഷനിൽ സേവ് ചെയ്യുന്ന വിധം ആർ.പി.വിശദീകരിക്കുന്നു. ഓരോ പഠിതാവും തയ്യാറാക്കിയ ഫയൽ ഉദ്ദേശിച്ച ഫോൾഡറിൽ സേവ് ചെയ്യാനുള്ള ശേഷി നേടുന്നു. |
| 1pm to 1.45 pm | Lunch Break | |
| 1.45 to 2.30 | മലയാളം കമ്പ്യൂട്ടിങ്ങിന്റെ പ്രാഥമിക ധാരണകൾ ദൈനംദിന പ്രവർത്തനവുമായി ബന്ധപ്പെട്ട രേഖകൾ മലയാളത്തിൽ തയ്യാറാക്കൽ | കീബോർഡ് മലയാളത്തിൽ സെറ്റ് ചെയ്യുക മലയാളം കീബോർഡ് പരിചയപ്പെടുക<br><br>മേൽവിലാസം മലയാളത്തിൽ ടൈപ്പ് ചെയ്ത് സ്വന്തം ഫോൾഡറിൽ സേവ് ചെയ്യുന്നു. |
| 2.30 to 3.30 | ആശയവിനിമയത്തിനും പഠനത്തിനും ഇന്റർനെറ്റിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തൽ<br><br>ബ്രൗസർ,പ്രധാന സർക്കാർ സൈറ്റുകൾ, ബ്രൗസിങ്ങ്,ഡൗൺലോഡിങ്ങ് പ്രഥമികധാരണകൾ രൂപീകരിക്കൽ. ഇ-മെയിൽ ഐ.ഡി.നിർമാണം-ഡമോൺസ്ട്രേഷൻ | ഇന്റർനെറ്റ് എന്ത്,എന്തിന്,എങ്ങിനെ ,നല്ല രീതിയിലുള്ള ഉപയോഗം എന്നിവ ആർ.പി.വിശദീകരിക്കുന്നു. മോസില്ല ബ്രൗസർ പരിചയപ്പെടുത്തുന്നു. സൈറ്റുകളിൽ പ്രവേശിക്കുന്നത്,വിവരങ്ങൾ കണ്ടെത്തുന്നത്(സെർച്ച്),ഡൗൺലോഡ് ചെയ്യുന്നത് എന്നിവയും ആർ.പി.വിശദമാക്കുന്നു. ഓരോ പഠിതാവും കേരള സർക്കാർ സൈറ്റ് പരിചയപ്പെടുകയും ഒരു വിവരം ഡൗൺലോഡ് ചെയ്തെടുക്കുകയും ചെയ്യുന്നു. |
| 3.30 to 4 | സംഭരണ ഉപകരണങ്ങളുടെ പ്രവർത്തനം ലിനക്സിൽ. സി.ഡി.,പെൻ ഡ്രൈവ് മുതലായവയുടെ ഉപയോഗം, സി.ഡി.റൈറ്റിംഗ് | സി.ഡി.,ഡി.വി.ഡി.,പെൻ ഡ്രൈവ് മുതലായവ ഉപയോഗിക്കുന്ന വിധം(വീഡീയോ സി ഡി ഉൾപ്പെടെ) ആർ.പി.വിശദീകരിക്കുന്നു.കോപ്പി & പെയിസ്റ്റ്,കട്ട് & പെയിസ്റ്റ് എന്നിവ വിശദമാക്കുന്നു. സി.ഡി.യിലേക്കി റൈറ്റ് ചെയ്യുന്ന വിധം കാണിക്കുന്നു. പഠിതാക്കൾ തങ്ങൾ ചെയ്ത പ്രവർത്തനങ്ങളടങ്ങിയ ഫോൾഡർ ഒരു സി.ഡി.യിലേക്ക് റൈറ്റ് ചെയ്തെടുക്കുന്നു. |
| 4 to 4.15 | ഫീഡ്ബാക്ക് | പഠിതാക്കളുടെ പ്രതികരണങ്ങൾ |

ഫീഡ്ബാക്കിൽ ലഭിച്ച പ്രതികരണങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കുക. പരിപാടിയുടെ വാർത്ത മാധ്യമങ്ങളിൽ വരണം.

*സ്കൂൾതലത്തിലുള്ള ബോധവൽക്കരണ പരിപാടി കഴിഞ്ഞ് ഫോട്ടോയും മറ്റ് വിവരങ്ങളും ഐ.ടി.@ സ്കൂളിന്റെ ബന്ധപ്പെട്ട പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. തീയതി, പങ്കെടുത്ത രക്ഷിതാക്കളുടെ എണ്ണം, ചിത്രങ്ങൾ/വീഡിയോ അപ് ലോഡ് ചെയ്ത ലിങ്ക് എന്നിവ വേണം.*